(ബി) മനുഷ്യാവകാശ കമ്മീഷനിൽനിന്നും അങ്ങനെയൊരു ഉത്തരവ് ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ക്ഷാമബത്ത സംബന്ധിച്ച് ശ്രീ. ജി. സുരേഷ് കുമാർ എന്ന വ്യവസായ തൊഴിലാളി സമർപ്പിച്ച പരാതിയിന്മേൽ വിവരങ്ങൾ ആരാഞ്ഞുകൊണ്ട് മനുഷ്യാവകാശ കമ്മീഷൻ ഒരു കത്ത് നൽകുകയുണ്ടായി. ഈ കത്തിന് എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് മറുപടി സമർപ്പിച്ചിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതികൾ

172 (6877) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലും പുനരധിവാസവും വകുപ്പുമുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) ഓരോ കേന്ദ്രാവിഷ്കൃത പദ്ധതി മുഖേനയും 2011-12-ലും 2012-13-ലും 2013-14-ലും എത്ര തുകവീതം ലഭിച്ചുവെന്നും എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) ഓരോ കേന്ദ്രാവിഷ്കൃത പദ്ധതി മുഖേനയും 2011-2012-ൽ നടപ്പിലാക്കിയ പദ്ധതി പ്രവർത്തനത്തിന്റെ ജില്ലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമാക്കുമോ ;

(ഡി) 2012-13-ൽ നടപ്പിലാക്കിയ പദ്ധതി പ്രവർത്തനങ്ങളുടെ ജില്ലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമാക്കുമോ ;

(ഇ) 2013-14-ൽ നടപ്പിലാക്കിയ പദ്ധതി പ്രവർത്തനങ്ങളുടെ ജില്ലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചു വരുന്നു.

തൊഴിൽ വകുപ്പ് കാലോചിതമായി പരിഷ്കരിച്ച് കാര്യക്ഷമമാക്കുന്നതിന് നടപടി

173 (6878) ശ്രീ. പിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതുഭരണ പരിഷ്ക്കാര വകുപ്പ് (പി. & എ.ആർ.ഡി.) തൊഴിൽ വകുപ്പിന്മേൽ പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് അറിയിക്കുമോ ;

(ബി) വർഷങ്ങൾക്കുമുമ്പ് നിർണ്ണയിക്കപ്പെട്ട കാലോചിതമല്ലാത്ത സ്റ്റാഫ് പാറ്റേണും സംവിധാനങ്ങളും ശാസ്ത്രീയമായി പുനഃക്രമീകരിക്കണമെന്ന് പ്രസ്തുത റിപ്പോർട്ടിൽ പരാമർശമുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly